بسم الله الرحمن الرحيم

**2009, ഖുത്വ്ബ നമ്പര്‍- 37**

11.09.2009
ബയ്ത്തുല്‍ ഫുതൂഹ്,
ലണ്ടന്‍

# ഖുര്‍ആന്‍ കൈയ്യിലെടുത്ത് മുന്നേറുക;വിജയം സുനിശ്ചിതം

لَوْ أَنزَلْنَا هَٰذَا الْقُرْآنَ عَلَىٰ جَبَلٍ لَّرَأَيْتَهُ
خَاشِعًا مُّتَصَدِّعًا مِّنْ خَشْيَةِ اللَّهِ ۚ وَتِلْكَ
الْأَمْثَالُ نَضْرِبُهَا لِلنَّاسِ لَعَلَّهُمْ
يَتَفَكَّرُونَ ﴿٢٢﴾ (59:22)

നാം ഈ ഖുര്‍ആനെ ഒരു പര്‍വ്വതത്തിന്‍മേല്‍ ഇറക്കിയിരുന്നെങ്കില്‍ അല്ലാഹുവിനെക്കുറിച്ചുള്ള ഭയം നിമിത്തം അത് നമ്രമാവുകയും പൊട്ടിക്കീറുകയും ചെയ്യുന്നത് നീ കാണുമായിരുന്നു. ഈ ഉദാഹരണങ്ങള്‍ മനുഷ്യര്‍ക്കായി നാം വിവരിച്ചുകൊടുക്കുന്നു. അവര്‍ ചിന്തിക്കാന്‍വേണ്ടി. (59:22)

ചിലരുടെ ഹൃദയം അതികഠിനമായിത്തീരുന്നു. അത് കാരണം ദൈവികവചനങ്ങള്‍ അവരില്‍ ഒരു സ്വാധീനവും ചെയ്യുന്നില്ല. എന്നാല്‍ ഞാന്‍ പാരായണം ചെയ്ത ആയത്തില്‍ അല്ലാഹു പറയുന്നത് പര്‍വ്വതത്തില്‍ ഈ ഖുര്‍ആന്‍ ഇറക്കിയിരുന്നെങ്കില്‍ അത് പോലും ഭയം നിമിത്തം തുണ്ടം തുണ്ടമാകുമായിരുന്നു എന്നാണ്. അല്ലാഹുവിന്റെ ഈ വചനത്തില്‍ നിന്ന് മനസ്സിലാകുന്നത് ചിലരുടെ ഹൃദയം പര്‍വ്വതങ്ങളെക്കാളും കാഠിന്യമുള്ളതായിരിക്കും എന്നാണ്. അവര്‍ തങ്ങളുടെ ജീവിതലക്ഷ്യം മറക്കുന്നു. തങ്ങളുടെ സൃഷ്ടാവിനെ അവര്‍ വിസ്മരിക്കുന്നു. തങ്ങളുടെ പര്യവസാനത്തെക്കുറിച്ചും അവര്‍ അശ്രദ്ധരാണ്. സൂറ ബഖറയില്‍ ഹൃദയ കാഠിന്യത്തെക്കുറിച്ച് അല്ലാഹു പറയുന്നു.

ثُمَّ قَسَتْ قُلُوبُكُم مِّن بَعْدِ ذَٰلِكَ فَهِيَ
كَالْحِجَارَةِ أَوْ أَشَدُّ قَسْوَةً ۚ وَإِنَّ مِنَ
الْحِجَارَةِ لَمَا يَتَفَجَّرُ مِنْهُ الْأَنْهَارُ ۚ وَإِنَّ
مِنْهَا لَمَا يَشَّقَّقُ فَيَخْرُجُ مِنْهُ الْمَاءُ ۚ وَإِنَّ
مِنْهَا لَمَا يَهْبِطُ مِنْ خَشْيَةِ اللَّهِ ۗ وَمَا اللَّهُ
بِغَافِلٍ عَمَّا تَعْمَلُونَ ﴿٧٥﴾

അതിനുശേഷം നിങ്ങളുടെ ഹൃദയങ്ങള്‍ കടുത്തുപോയി. അങ്ങിനെ അത് പാറക്കല്ലുകള്‍ കണക്കെയോ അതിനേക്കാള്‍ കഠിനമോ ആയിരിക്കുകയാണ്. നിശ്ചയമായും പാറകളില്‍ തന്നെ, അരുവികള്‍ അതില്‍ നിന്നും പൊട്ടി ഒഴുകുന്ന(ചില)തുണ്ട്. അവയില്‍ സ്വയം പൊട്ടിപ്പിളരുന്ന ചിലതുമുണ്ട്.അങ്ങനെ അവയില്‍ നിന്ന് വെള്ളം നിര്‍ഗമിക്കുന്നു.അല്ലാഹുവിനെ ഭയപ്പെട്ടതിനാല്‍ കീഴ്പ്പോട്ടു പതിക്കുന്ന ചിലതും അവയിലുണ്ട്. (2:75)

അല്ലാഹുവിന്റെ വചനങ്ങള്‍, പ്രവര്‍ത്തനങ്ങള്‍ അചേതന വസ്തുക്കളില്‍ സ്വാധീനം ചെലുത്തുന്നുണ്ട്. എന്നാല്‍ അവന്റെ തഖ്ദീറുകള്‍ കണ്ടിട്ടും ചില മനുഷ്യ മനസ്സുകളെ അത് സ്വാധീനിക്കുന്നില്ല. അത്രമാത്രം അത് കഠിനതരമായിപ്പോകുന്നു.

സൂറ ബഖറയിലെ ഈ വചനത്തില്‍ യഹൂദികളുടെ കാര്യമാണ് പരാമര്‍ശിക്കുന്നത്. ഇവിടെ നേരത്തെ സംഭവിച്ച ഒരു കാര്യം എടുത്ത് പറയുക മാത്രമല്ല ചെയ്യുന്നത്, മറിച്ച് ഭാവിയില്‍ വരാന്‍ പോകുന്ന ഒരു പ്രവചനം കൂടി ഇതില്‍ അടങ്ങിയിരിക്കുന്നു. അല്ലാഹുവിന്റെ ഭയം നിങ്ങളുടെ ഹൃദയത്തില്‍ ഉണ്ടാക്കുന്നില്ലെങ്കില്‍ നിങ്ങളുടെ ഹൃദയവും ഈ രീതിയില്‍ കടുത്ത് പോകുന്നതാണ്.

ഇന്നത്തെ അവസ്ഥ വെച്ചു നോക്കുമ്പോള്‍ മുസ്‌ലിംകളും ഈ കാര്യത്തില്‍ ചിന്തിക്കേണ്ടിയിരിക്കുന്നു. മുസ്‌ലീംകള്‍ക്ക് ഈ ഒരു ദുരവസ്ഥ സംജാതമാകാനുള്ള കാരണമെന്ത്?. പാശ്ചാത്യനാടുകളില്‍ മുസ്‌ലിംകള്‍ നടത്തുന്ന പരിപാടികളിലും മറ്റും ഇവിടെയുള്ളവര്‍ പങ്കെടുത്തുകൊണ്ട് ഇസ്‌ലാമിനെയും മുസ്‌ലിംകളെയും അനുകൂലിച്ചുകൊണ്ട് പ്രസംഗിക്കുകയും മറ്റും ചെയ്യും. എന്നാല്‍ അവര്‍ ഒരുമിച്ച് ചേര്‍ന്ന്കൊണ്ട് വല്ല തീരുമാനവും എടുക്കുമ്പോള്‍ ഇസ്‌ലാമിന്ന് ഗുണപ്രദമായ രീതിയിലുള്ള തീരുമാനം എടുക്കുന്നതിന് പകരം എപ്പോഴും ഇസ്‌ലാമിന് ക്ഷതമേല്‍പ്പിക്കുന്ന തീരുമാനങ്ങളാണ് എടുക്കാറുള്ളത്. മുസ്‌ലീംങ്ങളെ മൂന്നാംതരം പൗരന്മാരായാണ് അവര്‍ കാണുന്നത്. ഈ വിപത്ത് കൂടാതെ പ്രകൃതിക്ഷോഭങ്ങള്‍ വരുന്നു. ഇതെല്ലാം എന്തുകൊണ്ടു സംഭവിക്കുന്നു. ഞാന്‍ ആദ്യം പാരായണം ചെയ്ത സൂറത്തുല്‍ ഹശറിന്റെ മുമ്പുള്ള ആയത്തിലെ അഭിസംബോധകര്‍ വിശ്വാസികള്‍ തന്നെയാണ്. അവരോട് തഖ്‌വ സ്വായത്തമാക്കാന്‍ കല്‍പിച്ചിരിക്കുന്നു,നാളേക്ക് വേണ്ടി വല്ലതും മുമ്പോട്ടയക്കാന്‍ കല്‍പിച്ചിരിക്കുന്നു.പരലോക ശിക്ഷയെക്കുറിച്ച് അവരെ ഉണര്‍ത്തുന്നു. അല്ലാഹുവിനെ സ്മരിക്കേണ്ട കാര്യത്തെക്കുറിച്ച് അവരെ ഓര്‍മ്മപ്പെടുത്തുന്നു. നിങ്ങള്‍ ഇങ്ങനെ ചെയ്യുന്നില്ലെങ്കില്‍ നിങ്ങള്‍ തിരിച്ചറിയപ്പെടാത്തവരായി മാറുന്നതാണെന്ന് മുന്നറിയിപ്പ് നല്‍കുകയും ചെയ്യുന്നു. നിങ്ങള്‍ ദുശ്പ്രവര്‍ത്തനങ്ങളില്‍ മുഴുകി നിന്ദ്യരായിത്തീരുന്നതാണ്. അതിനാല്‍ ശൈത്വാന്റെ കൈകളില്‍ നിന്നും രക്ഷപ്പെടുക. ദൈവസ്മരണയില്‍ മുഴുകിക്കൊണ്ട് നിങ്ങളുടെ ഹൃദയ കാഠിന്യത്തെ നമ്രമാക്കി പരിവര്‍ത്തിപ്പിക്കുക. എന്നാല്‍ ഇക്കൂട്ടര്‍ യാഥാര്‍ത്ഥ്യങ്ങളെ തിരിച്ചറിയാന്‍ ശ്രമിക്കുന്നില്ല. ശൈത്വാന്‍ അവരെ ആ രീതിയില്‍ തന്റെ കരങ്ങളില്‍ ഒതുക്കിക്കൊണ്ടിരിക്കുകയാണ്. അല്ലാഹു ഈ അവസ്ഥയെ വിവരിക്കുന്നത് ഇപ്രകാരമാണ്.

وَلَٰكِن قَسَتْ قُلُوبُهُمْ وَزَيَّنَ لَهُمُ
الشَّيْطَانُ مَا كَانُوا يَعْمَلُونَ ﴿٤٤﴾

എന്നാല്‍ അവരുടെ ഹൃദയങ്ങള്‍ (കൂടുതല്‍) കടുത്തുപോയി. അവര്‍ ചെയ്തുകൊണ്ടിരിക്കുന്നത് പിശാച് അവര്‍ക്ക് അലംകൃതമാക്കി കാണിച്ചുകൊടുക്കുകയും ചെയ്തു (6:44)

പ്രയാസങ്ങളില്‍ നിന്നും പ്രശ്നങ്ങളില്‍ നിന്നും പാഠം ഉള്‍ക്കൊള്ളാതെ മുസ്‌ലിം സമൂഹം തിന്മയില്‍ മുന്നോട്ട് പോയ്ക്കൊണ്ടിരിക്കുകയാണ്. പാക്കിസ്ഥാനില്‍ നിത്യവും അക്രമങ്ങള്‍ നടന്നു കൊണ്ടിരിക്കുന്നു. അവിടെ വൈദ്യുതിക്കെതിരിലും വിലക്കയറ്റത്തിനെതിരിലും പ്രക്ഷോഭം നടന്നു കൊണ്ടിരിക്കുന്നു. നാശത്തിലേക്കാണ്

നാം പോയ്ക്കൊണ്ടിരിക്കുന്നതെന്ന് പത്രങ്ങളിൽ ലേഖനങ്ങൾ എഴുതിക്കൊണ്ടിരിക്കുന്നു.ഇതിനെക്കുറിച്ച് നേതാക്കന്മാർക്ക് ഒരു ചിന്തയും ഇല്ല. ഇങ്ങിനെയെല്ലാം സംഭവിക്കാനുള്ള കാരണം നേരത്തെ തന്നെ നാം പറഞ്ഞു കഴിഞ്ഞിട്ടുള്ളതാണ്. ഇവർ കാലഘട്ടത്തിന്റെ ഇമാമിനെ അംഗീകരിക്കുന്നത് പോകട്ടെ; ചുരുങ്ങിയ പക്ഷം അദ്ദേഹത്തെ വിശ്വസിക്കുന്നവർക്കെതിരിൽ കരിനിയമങ്ങളുണ്ടാക്കി ആ നിയമത്തിന്റെ പഴുതിൽ അവരിൽ അക്രമം അഴിച്ചുവിടുന്നതെങ്കിലും ഇവർ ആദ്യം നിർത്തട്ടെ. കാലത്തിന്റെ ഇമാമിനെ തെറി പറഞ്ഞുകൊണ്ടാണ് ഓരോ ഗവൺമെന്റ് ഓർഡറുകളും പുറത്തിറക്കുന്നത്. അതെല്ലാമൊന്ന് അവസാനിപ്പിക്കുക. അല്ലെങ്കിൽ അല്ലാഹുവിന്റെ തഖ്ദീർ അവന്റെ പ്രിയർക്കായി തന്റെ പ്രവൃത്തിചെയ്യുന്നതാണ്.

ഏതെങ്കിലും ഒരമുസ്‌ലിം പാക്കിസ്ഥാനിൽ അല്ലാഹുവിന്റെയും റസൂലിന്റെയും പേര് ഉച്ചരിക്കുകയോ വീടുകളിൽ എഴുതിവെക്കുകയോ ചെയ്താൽ അവർ വളരെയധികം സന്തോഷിക്കുന്നു. എന്നാൽ അഹ്മദികൾ അല്ലാഹു, മുഹമ്മദ് (സ) എന്നീ നാമങ്ങൾ തങ്ങളുടെ പള്ളികളിലോ വിട്ടിലോ എഴുതി വെക്കുകയാണെങ്കിൽ അതിനെ ഇവർ തകർത്തെറിയുകയും ഓടകളിൽ അതിനെ ഒഴുക്കുകയും ചെയ്യുന്നു. സർക്കാർ ഉദ്യോഗസ്ഥന്മാർ മുഖേന അല്ലാഹുവിന്റെയും റസൂലിന്റേയും നാമം അപകീർത്തിപ്പെടുത്തുകയാണെന്ന ചിന്ത ആ സമയത്ത് അവർക്ക് ഉണ്ടാകുന്നില്ല. പ്രവാചകനിന്ദ ആ സമയത്ത് അവർ കാണാതെ പോകുന്നു. ഇതൊന്നും കാണാതെയാകുമ്പോൾ പിന്നെ അല്ലാഹുവിന്റെ തഖ്ദീർ തന്റെ ജോലി ചെയ്തു തീർക്കുന്നു.

പാകിസ്ഥാനിൽ ഉലമാക്കളുടെ അവസ്ഥ നോക്കുക. ടി.വി.യിൽ പ്രോഗ്രാം ചെയ്യുന്ന മുബശ്ശിർ ലുഖ്മാൻ സാഹിബ് വളരെ ധൈര്യത്തോടെ ചില പ്രോഗ്രാമുകൾ ചെയ്തുവരുന്നു.  ഇത് എത്രകാലം നിലനിൽക്കും എന്നറിയില്ല. ആ പ്രോഗ്രാമിൽ ഒരു പണ്ഢിതൻ പറയുന്നത് കേട്ടു.  കൊക്കകോള കമ്പനിക്ക് ഒരു ട്രേഡ് മാർക്ക് ഉണ്ട്. ഈ പേരിൽ മറ്റൊരു കമ്പനിക്കും കൊക്കകോള ഉണ്ടാക്കാൻ സാധ്യമല്ല. ഇനി ആരെങ്കിലും നിർമ്മിക്കുകയാണെങ്കിൽ പിടിക്കപ്പെടുന്നതാണ്. ഇതേപോലെ മുസ്‌ലിംകൾ എന്ന് പറയാൻ അർഹർ നാം മാത്രമാണ്. അഹ്മദികൾ അവരെക്കുറിച്ച് മുസ്‌ലിംകളാണെന്ന് പറഞ്ഞാൽ അവർക്ക് ശിക്ഷ ലഭിക്കുന്നതാണ്.

ഇങ്ങനെ ഫത്‌വ നൽകുന്ന ഉലമാക്കളെക്കുറിച്ചാണ് തിരുനബി (സ) ഇപ്രകാരം പറഞ്ഞത്. ‘‘ഒരു കാലം വരും, അന്ന് ജനങ്ങൾ ഏറ്റവും വലിയ ജാഹിലിനെ (അറിവില്ലാത്ത ആളെ) അവരുടെ നേതാവായി നിയമിക്കും.എന്നിട്ട് അയാളുടെ അടുത്ത് ചെന്ന് സംശയങ്ങൾ ചോദിക്കും. അയാൾ യാതൊരറിവും ഇല്ലാതെ ഫത്‌വ നൽകുന്നതാണ്. അവർ സ്വയം വഴികേടിലായിരിക്കും. ജനങ്ങളേയും വഴികേടിലാക്കുന്നതാണ്.’’

ആരാണ് മുസ്‌ലിം എന്ന കാര്യത്തിൽ ഒരു സുദീർഘ ചർച്ചക്ക് ഞാൻ മുതിരുന്നില്ല. എന്നാൽ ഒരു കാര്യം ഓർക്കുക. യഥാർത്ഥ അനുസാരികളും തിരുനബിയെ ശരിക്കും പിൻപറ്റുന്നവരും വിശുദ്ധ ഖുർആനെ ശരിക്കും അംഗീകരിക്കുന്നവരുമാണ് യഥാർത്ഥ മുസ്‌ലിംകളെങ്കിൽ അത് ഇന്ന് അഹ്മദികൾ മാത്രമാണ്.

ആരാണ് മുസ്‌ലിം എന്നതിനെക്കുറിച്ച് തിരുനബി (സ) നിർവ്വചിച്ച രണ്ട് ഹദീസുകൾ ഞാൻ കേൾപ്പിക്കാം.  കൊക്കക്കോളയുടെ പേറ്റന്റിനെ ഇസ്‌ലാമിനോട് ഉപമിച്ച ഈ മുല്ലാക്കളുടെ നിർവ്വചനമല്ല യഥാർത്ഥത്തിൽ ആരാണ് മുസ്‌ലിം എന്ന് നിർണ്ണയിക്കുന്നത്.

ഹദ്റത്ത് ഇബ്നു മാലിക്ക് (റ) രിവായത്ത് ചെയ്യുന്നു. തിരുനബി (സ) അരുളി.

مَنْ قَالَ لَا اِلٰهَ اِلَّا اللّٰهُ وَ كَفَرَ بِمَا يَعْبُدُ مِنْ دُوْنِ اللّٰهِ
حَرُمَ مَالُهُ وَدَمُهُ وَحِسَابُهُ عَلَى اللّٰهِ

തിരുനബി (സ) ഇപ്രകാരം പറയുന്നതായി ഞാൻ കേട്ടു. ‘‘അല്ലാഹു അല്ലാതെ മറ്റൊരാരാധ്യനില്ലെന്ന്  അംഗീകരിക്കുകയും അല്ലാഹുവിനെക്കൂടാതെ ആരാധിക്കപ്പെടുന്നതിനെ നിഷേധിക്കുകയും ചെയ്തവന്റെ ജീവനും സ്വത്തും സംരക്ഷിക്കപ്പെടേണ്ടതാണ്. അവർക്ക് നിയമ സംരക്ഷണം നൽകേണ്ടതാണ്. അവരുടെ കണക്കെടുപ്പിന്റെ കാര്യം അല്ലാഹു നോക്കിക്കൊള്ളും.’’ അവരുടെ നിയ്യത്ത് എന്താണെന്ന് അവനറിയാം. അതനുസരിച്ച് അവൻ പ്രതിഫലം നൽകുകയും ചെയ്യുന്നതാണ്. മറ്റൊരു ഹദീസിൽ ഇപ്രകാരം വരുന്നു:

ഹദ്റത്ത് അനസ്ബ്നു മാലിക്ക് (റ) രിവായത്ത് ചെയ്യുന്നു. റസൂൽ (സ) തിരുമേനി ഇപ്രകാരം അരുളി.

مَنْ صَلّٰى صَلٰوتَنَا وَاسْتَقْبَلَ قِبْلَتَنَا وَ اَكَلَ
ذَبِيحَتَنَا فَذَالِكَ الْمُسْلِمُ الَّذِى لَهُ ذِمَّةُ
اللّٰهِ وَذِمَّةُ رَسُوْلِهِ فَلَا تُخْفِرُوا اللّٰهَ فِى ذِمَّتِه

‘‘ആരാണോ നാം നമസ്കരിക്കുന്നതുപോലെ നമസ്കരിക്കുകയും നമ്മുടെ ഖിബ്‌ലക്ക് നേരെ മുഖം തിരിക്കുകയും നാം അറുത്തത് ഭക്ഷിക്കുകയും ചെയ്യുന്നത് അവർ മുസ്‌ലിംകളാണ്. അവരുടെ സംരക്ഷണ ചുമതല അല്ലാഹുവും അവന്റെ റസൂലും ഏറ്റെടുത്തിരിക്കുന്നു.  അതുകൊണ്ട് അല്ലാഹുവിന്റെ ചുമതലയെ അവഗണിക്കാതിരിക്കുക.  അതിനെ നിന്ദിക്കാതിരിക്കുക.’’

അതുകൊണ്ട് ഇസ്‌ലാമിനെ പേറ്റേൻ ചെയ്യരുത് എന്ന് ഉലമാക്കളോട് ഞാൻ അപേക്ഷിക്കുകയാണ്. അല്ലാഹുവും അവന്റെ റസൂലും വിവരിച്ചിരിക്കുന്ന ഇസ്‌ലാമിന് വിരുദ്ധമായ ഒരു ഇസ്‌ലാം സമർപ്പിക്കാതിരിക്കുക. തിരുനബി (സ) നിർവ്വചിച്ചതാണ് ഇസ്‌ലാം. ഈ നിർവ്വചനത്തിന്റെ അടിസ്ഥാനത്തിൽ തിരുനബി (സ) ഞങ്ങളെ മുസ്‌ലിംകളിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഇതിനുശേഷം ഞങ്ങൾക്ക് ഒരു മുല്ലായുടേയും സർട്ടിഫിക്കറ്റിന്റെ ആവശ്യമില്ല.

ഇതുമായി ബന്ധപ്പെട്ട മറ്റൊരു കാര്യം കൂടി പറയാൻ ഞാൻ ആഗ്രഹിക്കുന്നു. കഴിഞ്ഞ ദിവസം ഒരു പത്രത്തിൽവന്ന വാർത്ത എനിക്ക് ആരോ അയച്ചുതന്നു. ആ പത്രം വായിച്ച പലരും അതിന്റെ ഫോട്ടോകോപ്പിയും എനിക്കയച്ചുതരികയുണ്ടായി. ഇങ്ങിനെയുള്ള വാർത്തകൾ എനിക്കയച്ചു തരാൻ അഹ്മദികൾ താത്പര്യം കാണിക്കാറുണ്ട്. എന്നെ ഇതറിയിക്കുകയും അതോടൊപ്പം എന്റെ പ്രതികരണം അറിയാൻ വേണ്ടിയും കൂടിയാണ് അയക്കുന്നത്. എം.ക്യു.എം ന്റെ ലീഡറായ അൽത്താഫ് ഹുസൈൻ സാഹിബ് അഹ്മദികളെ അനുകൂലിച്ച്കൊണ്ട് പരസ്യപ്രസ്താവന നടത്തിയെന്നും അഹ്മദികൾക്കെതിരിൽ പാകിസ്ഥാനിൽ നടക്കുന്നതെല്ലാം അക്രമവും അനീതിയുമാണെന്നും അതിനെ ശക്തമായ ഭാഷയിൽ അപലപിക്കുന്നു എന്നുമാണ് വാർത്ത. ചില പത്രക്കാർക്ക് വെണ്ടക്ക അക്ഷരത്തിൽ വാർത്തകൾ നിരത്താനുള്ള താത്പര്യം ഉണ്ടാകും. അവരിൽ ഏതോ ഒരു പത്രം ഈ വാർത്ത പ്രസിദ്ധീകരിച്ചത് ഇപ്രകാരമാണ്. മിർസാ മസ്റൂർ അഹ്മദും അൽത്താഫ് ഹൂസൈൻ സാഹിബും തമ്മിലുള്ള മീറ്റിംഗ് ലണ്ടനിൽ വെച്ച് നടക്കുകയുണ്ടായി. പഞ്ചാബിലും പാകിസ്ഥാനിലും എം.ക്യു.എം.നെ എങ്ങിനെ സക്രിയമാക്കാൻ സാധിക്കും എന്നതിനുള്ള പദ്ധതികൾ അവർ ആവിഷ്കരിച്ചിരിക്കുന്നു.

അൽത്താഫ് ഹുസൈൻ സാഹിബിന്റെ പ്രസ്താവനയെ സംബന്ധിച്ചിടത്തോളം എനിക്ക് പറയാനുള്ളത് പാക്കിസ്ഥാനികളായ ദേശസ്നേഹികൾ ആ നാട്ടിൽ സമാധാനം ഉണ്ടാകണം എന്ന് ആഗ്രഹിക്കുന്നവരാണ്. മുല്ലാഇയ്യത്ത് ഇവിടെ നിന്നും ഇല്ലാതാവണം എന്നും ആഗ്രഹിക്കും. വിഭാഗീയതയും മതവിദ്വേഷവും ഇല്ലാതായിത്തീരാനും ഓരോരുത്തരും ആഗ്രഹിക്കുന്നതാണ്. അൽത്താഫ് ഹുസൈൻ സാഹിബ് സധൈര്യം ഈ പ്രസ്താവന ഇറക്കിയതിൽ എനിക്ക് അതിയായ സന്തോഷമുണ്ടായി. ഈ പ്രസ്താവനയിൽ നിന്നും മനസ്സിലാകുന്നത് അദ്ദേഹം നാട്ടിൽ സമാധാനം ഉണ്ടാകണം എന്ന ആഗ്രഹക്കാരനാണെന്നാണ്. അദ്ദേഹത്തിന്റെ ഉദ്ദേശ്യശുദ്ധി അല്ലാഹുവിനെ അറിയൂ. നാം ആരെക്കുറിച്ചും സംശയം വെക്കുന്നില്ല. വിഭാഗീയതയും മതവിദ്വേഷവും അവസാനിപ്പിച്ച് നാട് മുന്നേറണമെന്ന് ആഗ്രഹിക്കുന്ന കൂട്ടത്തിലാണ് അദ്ദേഹമുള്ളത്. ഈ സദുദ്യമത്തിൽ അല്ലാഹു അദ്ദേഹത്തിന് വിജയം നൽകുമാറാകട്ടെ.

ഇന്നലെ എനിക്ക് ടി.വി.യിൽ ഖത്മന്നുബുവത്തിന്റെ സംരക്ഷകരുടെ പ്രസ്താവന കേൾക്കാനിടയായി. അതിൽ അവർ പറയുന്നത് അവരുടെ സംസാരത്തിന് ശേഷം അൽതാഫ് ഹുസൈൻ സാഹിബിന്റെ സംശയങ്ങളെല്ലാം ദുരീകരിക്കപ്പെട്ടിരിക്കുന്നു എന്നാണ്. ഞാൻ വിശദമായി കണ്ടിട്ടില്ല.അദ്ദേഹത്തിന്റെ ഒരു പ്രസ്താവനയിൽ മൗലവിമാർ സന്തുഷ്ടരായി എന്നാണ് മനസിലാകുന്നത്. അവിടെയുള്ള മുല്ലാക്കളുടെ അവസ്ഥയെക്കുറിച്ച് കഴിഞ്ഞ ദിവസം പ്രധാനമന്ത്രിയുടെ ഒരു പ്രസ്താവന ഉണ്ടായിരുന്നു. അദ്ദേഹം പറഞ്ഞത് എനിക്ക് ഇങ്ങിനെയെല്ലാം ചെയ്യണമെന്നുണ്ട്. എന്നാൽ ഉലമാക്കളെയാണ് എനിക്ക് പേടി. പ്രധാനമന്ത്രിയുടെ അവസ്ഥയാണിത്.

ഞാനുമായി മീറ്റിംഗ് നടത്തി എന്നതിനെക്കുറിച്ച് ഞാൻ പറഞ്ഞതാണ്. വാർത്തക്ക് പ്രാധാന്യം നൽകാൻ ദിവാസ്വപ്നങ്ങൾ കാണുകയാണവർ. മീറ്റിംഗ് നടന്നിരുന്നെങ്കിൽ അൽത്താഫ് സാഹിബ് അതും പറയുമായിരുന്നില്ലെ? എനിക്ക് പറയാനുള്ളത് ഇത്രമാത്രമാണ്. ആര് തന്നെ നാട്ടിൽ ഈ വിദ്വേഷത്തിന്റെയും അകൽച്ചയുടേയും മതിലുകൾ തകർത്തുകൊണ്ട് സമാധാനമുണ്ടാക്കാൻ പരിശ്രമിക്കുന്നുവോ അല്ലാഹു അവരെ സഹായിക്കുമാറാകട്ടെ. നമുക്ക് നാടിനോട് സ്നേഹമുണ്ട്. അതിന്റെ നിർമ്മാണത്തിന് നാമും ശ്രമിച്ചിട്ടുണ്ട്. അത് നിലനിർത്താൻ എല്ലാതരം ത്യാഗങ്ങളും സഹിക്കുന്നതാണ്. സഹിക്കുന്നുമുണ്ട്.(ഇൻശാ അല്ലാഹ്) നാട്ടിൽ സമാധാനം സ്ഥാപിതമാകുന്നതിനായി അഹ്മദികൾ ദുആ ചെയ്യേണ്ടതാണ്. അഹ്മദികൾക്കെതിരിൽ അവിടെ നടക്കുന്ന അക്രമപ്രവർത്തനങ്ങൾ അവസാനിപ്പിക്കാൻ ഞങ്ങൾ ചെയ്യുന്നത്, ഞങ്ങളുടെ കാര്യങ്ങൾ എല്ലാം അല്ലാഹുവിൽ ഏൽപിക്കുക എന്നതാണ്. ഞങ്ങളുടെ ആവലാതികൾ ബോധിപ്പിക്കുന്നത് ഞങ്ങളുടെ സ്നേഹനിധിയായ നാഥന്റെ മുമ്പിലാണ്. അല്ലാഹു അഹ്മദിയ്യത്തിന് അനുകൂലമായി ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന പദ്ധതിക്കു മുമ്പിൽ മനുഷ്യന്റെ എല്ലാ പദ്ധതികളും നിഷ്പ്രഭമായിത്തീരുന്നതാണ്. ഇൻശാ അല്ലാഹ് പാക്കിസ്ഥാനിലും മറ്റു ഇസ്ലാമിക നാടുകളിലും തീർച്ചയായും അല്ലാഹുവിന്റെ ആ നിർണ്ണയ വിധി നടപ്പിൽ വരിക തന്നെ ചെയ്യും. യഥാർത്ഥ മുസ്ലിം ആരാണെന്നും ഇസ്ലാമിനെക്കുറിച്ച് വേദനിക്കുന്നവർ ആരാണെന്നും പ്രകടമായി മനസ്സിലാകുന്നതാണ്.

അതുകൊണ്ട് പാകിസ്ഥാനിഅഹ്മദികൾ അവർ നാട്ടിൽ താമസിക്കുന്നവരാണെങ്കിലും അന്യദേശത്തുള്ളവരാണെങ്കിലും നാടിന് വേണ്ടി പ്രത്യേകം പ്രാർത്ഥിക്കുക. അല്ലാഹു ഇവർക്ക് ബുദ്ധി നൽകുമാറാകട്ടെ. നാടിനെ രക്ഷിക്കുമാറാകട്ടെ. ഇതേപോലെ മറ്റു മുസ്ലിം നാടുകളിലും അറബ് നാടുകളിലും ഉള്ള അഹ്മദികളും പ്രാർത്ഥന സ്വീകരിക്കുന്ന ഈ നാളുകളിൽ ആ നാടുകൾക്ക് വേണ്ടിയും പ്രത്യേകം ദുആ ചെയ്യുക. അല്ലാഹുവിന്റെ മാറ്റപ്പെടാത്ത വിധിയുടെ നാളുകൾ വേഗം അവൻ നമുക്ക് കാണിച്ചു തരുമാറാകട്ടെ.

ഞാൻ ആദ്യ വിഷയത്തിലേക്ക് തിരിച്ചു വരികയാണ്. മുസ്ലിംകളുടെ അവസ്ഥയെക്കുറിച്ച് പറയേണ്ടത് അത്യാവശ്യമായതുകൊണ്ടാണ് ഇടക്ക് അത് പറഞ്ഞത്.

لَوْ أَنْزَلْنَا هٰذَا الْقُرْاٰنَ عَلٰى جَبَلٍ لَّرَاَيْتَهٗ
خَاشِعًا مُّتَصَدِّعًا مِّنْ خَشْيَةِ اللّٰهِ

എന്ന ആയത്തിനെ വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ) വിവരിക്കുന്നു.

ഇതിന്റെ ഒരർത്ഥം വിശുദ്ധ ഖുർആന്റെ സ്വാധീന ശക്തി എന്നു പറഞ്ഞാൽ അത് പർവ്വതത്തിനുമുകളിൽ ഇറക്കിയിരുന്നെങ്കിൽ ദൈവഭയം നിമിത്തം തുണ്ടം തുണ്ടമാകുമായിരുന്നു എന്നതുമാണ്. അങ്ങിനെ അത് നിലംപരിശാകുമായിരുന്നു. അചേതന വസ്തുക്കളിൽ ഇതിന്റെ പ്രതികരണം ഈ നിലയിൽ ആയിരിക്കെ ഇതിന്റെ സ്വാധീനശക്തിയിൽ നിന്നും ഫലമെടുക്കാത്തവൻ വിഢ്ഢിയല്ലാതെ മറ്റാരാണ്. ഇതിന്റെ മറ്റൊരർത്ഥം ദൈവപ്രീതിയും ദൈവസാമീപ്യവും കരഗതമാകണമെങ്കിൽ രണ്ട്തരം ഗുണങ്ങൾ മനുഷ്യനിൽ ഉണ്ടായിരിക്കണം എന്നാണ്. ഒന്ന് അഹങ്കാരത്തെ തകർക്കുക. ഏതുപോലെ തല ഉയർത്തി നിൽക്കുന്ന പർവ്വതം തകർന്ന് സമതലത്തോട് ചേർന്നിരിക്കുന്നുവോ അതേപോലെ മനുഷ്യൻ തന്റെ ഉള്ളിൽ നിന്ന് എല്ലാതരം അഹങ്കാരത്തേയും തകർത്തെറിഞ്ഞുകൊണ്ട് വിനയവും താഴ്മയും സ്വീകരിക്കേണ്ടതാണ്. രണ്ടാമത്തെ ഗുണം അവന്ന് നേരത്തെ ഉണ്ടായിരുന്ന എല്ലാ ബന്ധങ്ങളും ഇല്ലാതെയായിത്തീരണം എന്നതാണ്. തകർന്ന പർവ്വതം കഷണം കഷണമായിത്തീരുകയും അതിലെ ഓരോ കല്ലും വേർതിരിയുകയും ചെയ്യുന്നതുപോലെ അശുദ്ധിക്കും ദൈവത്തിന്റെ അപ്രീതിക്കും കാരണമായിത്തീരുന്ന നേരത്തെയുള്ള ബന്ധങ്ങളെല്ലാം മുറിച്ചുകളയുകയും അവന്റെ കൂട്ടുകെട്ടും കൂടിക്കാഴ്ചയും സ്നേഹവും കോപവും എല്ലാം അല്ലാഹുവിന്ന് വേണ്ടി ആക്കിതീർക്കുകയും ചെയ്യേണ്ടതാണ്.

നമുക്ക് നമ്മുടെ അഹങ്കാരത്തെ ഇല്ലാതാക്കാൻ ശ്രമിക്കേണ്ടിയിരിക്കുന്നു. നമ്മുടെ ഹൃദയത്തെ ശരിപ്പെടുത്തേണ്ടിയിരിക്കുന്നു. എനിക്ക് ഈ നാമധാരികളായ ഉലമാക്കളോട് പറയാനുള്ളത് അഹങ്കാരത്താൽ ഉയർന്നിരിക്കുന്ന നിങ്ങളുടെ ശിരസ്സുകൾ വാഗ്ദത്ത മസീഹിന്റെ മുമ്പിൽ നിങ്ങൾ താഴ്ത്താത്തിടത്തോളം കാലം നിങ്ങളുടെ നാവിൽ നിന്ന് വിശുദ്ധഖുർആനെ അപഹസിക്കുന്ന രീതിയിലുള്ള വ്യാഖ്യാനങ്ങളെ വരികയുള്ളൂ. അല്ലാഹുവിനോടും അവന്റെ റസൂലിനോടും നിങ്ങൾക്ക് സ്നേഹമുണ്ടെന്ന വാദമുണ്ടെങ്കിൽ കാലത്തിന്റെ ഇമാമിനെ അംഗീകരിക്കേണ്ടതും നിർബന്ധമാണ്. അപ്പോഴായിരിക്കും ലോകത്തിന്റെ നാനാദിക്കിലും നിങ്ങൾ ആദരിക്കപ്പെടുന്നത്. അല്ലാഹു തിരുനബി (സ) ക്ക് ഇറക്കിക്കൊടുത്ത ഈ പരിശുദ്ധവചനങ്ങളുടെ പൊരുൾ നിങ്ങൾക്ക് ശരിക്കും മനസ്സിലാകുകയും ചെയ്യുന്നത് അപ്പോഴായിരിക്കും. കാരണം വിശുദ്ധ ഖുർആൻ മനസ്സിലാക്കുന്നതിനും അല്ലാഹുവിന്റെ വരിഷ്ഠദാസരുടെ ആവശ്യമുണ്ട്. വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു.

اِنَّهٗ لَقُرْاٰنٌ كَرِيْمٌ ﴿٧٨﴾ فِيْ كِتٰبٍ مَّكْنُوْنٍ ﴿٧٩﴾
لَّا يَمَسُّهٗٓ اِلَّا الْمُطَهَّرُوْنَ ﴿٨٠﴾

തീർച്ചയായും ഇത് ആദരണീയമായ ഒരു ഖുർആൻ ആകുന്നു. ഭദ്രമായി അടച്ചുസൂക്ഷിക്കപ്പെട്ട ഒരു ഗ്രന്ഥത്തിൽ. പരിശുദ്ധരാക്കപ്പെട്ടവരല്ലാതെ ഇത് സ്പർശിക്കുകയില്ല.(56:78-80)

ഈ ആയത്തിൽ അമുസ്‌ലിംകളോട് വിശുദ്ധഖുർആന്റെ മഹത്വം വിവരിക്കുകയാണ്. ഇത് ഒരമൂല്യനിധിയാണ്. ഇതിന്റെ അദ്ധ്യാപനങ്ങൾ സുരക്ഷിതമാണ്. ഖിയാമത്ത് നാൾവരെ ഇത് സുരക്ഷിതമായിരിക്കും. എന്നാൽ പരിശുദ്ധഹൃദയരായി ഇതിനെ പ്രയോജനപ്പെടുത്താൻ ശ്രമിക്കുന്നവർക്ക് മാത്രമേ ഇത് ഗുണം ചെയ്യുകയുള്ളൂ. ഇവിടെ മുസ്‌ലിംകൾക്കും പാഠം നൽകുന്നുണ്ട്. മുസ്‌ലിം എന്ന് പറഞ്ഞതുകൊണ്ട് ഇതിൽനിന്നും പ്രയോജനമെടുക്കാൻ കഴിയില്ല. പരിശുദ്ധഹൃദയരായിക്കൊണ്ട് ഇതനുസരിച്ച് പ്രവർത്തിക്കേണ്ടിയിരിക്കുന്നു. ഇതിലെ ജ്ഞാനങ്ങൾ കരസ്ഥമാക്കേണ്ടിയിരിക്കുന്നു. അതേപോലെ ഈ ഭദ്രമായി അടച്ചുപൂട്ടിയ ഗ്രന്ഥത്തെ അല്ലാഹു ഏതൊരു പരിശുദ്ധരാക്കപ്പെട്ടവർക്ക് മനസ്സിലാക്കിക്കൊടുത്തിരിക്കുന്നുവോ അവരെ അന്വേഷിക്കേണ്ടിയിരിക്കുന്നു. ഇക്കാലത്ത് തിരുനബി (സ) യുടെ പ്രവചനപ്രകാരം അല്ലാഹുവിന്റെ വാഗ്ദാനങ്ങളുടെ അടിസ്ഥാനത്തിൽ ഈ സ്ഥാനം വരാനിരിക്കുന്ന മസീഹിനാണ് ലഭിക്കേണ്ടിയിരുന്നത്. അദ്ദേഹത്തിന് തന്നെയാണ് ലഭിച്ചിട്ടുള്ളതും. അല്ലാഹുവിൽ നിന്നും അറിവ് ലഭിച്ചുകൊണ്ട് ഈ മഹത്തായ ഗ്രന്ഥത്തിന്റെ നിഗൂഢസത്യങ്ങൾ ആ മഹാത്മാവ് നമ്മുടെ മുമ്പിൽ തുറന്നു കാട്ടുകയുണ്ടായി. ഹദ്റത്ത് മസീഹ് മൗഊദ് (അ) ഇതിനെ വിശദീകരിച്ചുകൊണ്ട് പറയുന്നു.

വിശുദ്ധഖുർആന്റെ യാഥാർത്ഥ്യങ്ങളും നിഗൂഢ സത്യങ്ങളും പരിശുദ്ധരാക്കപ്പെട്ടവർക്കാണ് തുറക്കപ്പെടുന്നത്. അതുകൊണ്ട് ഈ ആയത്തിൽ നിന്നും മനസ്സിലാകുന്നത് വിശുദ്ധഖുർആൻ മനസ്സിലാക്കണമെങ്കിൽ അല്ലാഹു തന്റെ പരിശുദ്ധകരങ്ങളാൽ വിശുദ്ധീകരിച്ച ഒരു അദ്ധ്യാപകന്റെ ആവശ്യം ഉണ്ട് എന്നാണ്. വിശുദ്ധഖുർആൻ പഠിക്കാൻ ഒരു അദ്ധ്യാപകന്റെ ആവശ്യം ഇന്ന് ഇല്ലായിരുന്നുവെങ്കിൽ ആദ്യ കാലത്തും ഉണ്ടാകുമായിരുന്നില്ല. ആദ്യകാലത്ത് പ്രയാസമുള്ള കാര്യങ്ങൾ വിവരിക്കാൻ ഒരു അദ്ധ്യാപകന്റെ ആവശ്യമുണ്ടായിരുന്നു, എന്നാൽ ഇപ്പോൾ പ്രയാസമുള്ള കാര്യങ്ങളെല്ലാം മനസ്സിലാക്കിത്തന്നിരിക്കുകയാൽ ആവശ്യമില്ലെന്ന് പറഞ്ഞാൽ അതിനുള്ള മറുപടി പരിഹരിക്കപ്പെട്ട പ്രശ്നങ്ങൾ തന്നെ ഒരു കാലം കഴിയുമ്പോൾ പരിഹരിക്കപ്പെടേണ്ടതായി വരുന്നു എന്നാണ്. മാത്രമല്ല ഓരോ കാലത്തും ഉമ്മത്തിന് പുതിയ പ്രശ്നങ്ങൾ നേരിടേണ്ടിവന്നുകൊണ്ടിരിക്കുന്നു.

നോക്കുക, ഒരു കാലത്ത് നൂറുകണക്കിന് ആയത്തുകൾ ദുർബലപ്പെട്ടതായി കരുതപ്പെട്ടിരുന്നു. അല്ലാഹു അറിവ് നൽകിയ അവന്റെ പരിശുദ്ധദാസന്മാർ അതിൽ പലതും പരിഹരിക്കുകയുണ്ടായി. എന്നാൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) വന്ന് എല്ലാംതന്നെ പരിഹരിച്ചു. ഇസ്‌ലാമിന്റെ ചരിത്രം ഒരു അദ്ധ്യാപകൻ വേണമെന്നാണ് വിളിച്ചു പറയുന്നത്. ഇന്നിവിടെ ഉടലെടുത്തിരിക്കുന്ന വ്യത്യസ്ത കക്ഷികളെല്ലാംതന്നെ ഉണ്ടാകാനുള്ള കാരണം ഓരോരുത്തർക്കും മനസ്സിലായതനുസരിച്ച് വ്യത്യസ്ഥവ്യാഖ്യാനങ്ങൾ നൽകുകയും അതിൽ അവർ ഉറച്ചു നിൽക്കുകയും ചെയ്തതുകൊണ്ടാണ്.വലിയ വലിയ പ്രശ്നങ്ങൾ ഒരു ഭാഗത്തിരിക്കട്ടെ. വുളു ചെയ്യുന്നതിനെക്കുറിച്ചു പോലും വ്യത്യസ്ഥ അഭിപ്രായങ്ങളാണ് മുസ്‌ലിംകൾക്കിടയിലുള്ളത്. ഇതാണെങ്കിൽ വിശുദ്ധഖുർആനിൽ വ്യക്തമായി ഉള്ളതും കൂടിയാണ്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) തുടർന്ന് പറയുന്നു. വിശുദ്ധ ഖുർആൻ സർവ്വസമ്പൂർണ്ണമായ ജ്ഞാനശേഖരമാണ്. എന്നാൽ അതിന്റെ അറിവുകളെല്ലാം തന്നെ ഒരു കാലത്ത് മാത്രം വെളിപ്പെടണമെന്നില്ല. പ്രശ്നങ്ങൾ അഭിമുഖീകരിക്കുമ്പോൾ വിശുദ്ധ ഖുർആന്റെ പുതിയ പുതിയ അറിവുകൾ തുറക്കപ്പെടുന്നു. ഓരോ കാലത്തും നേരിടുന്ന പ്രയാസങ്ങളെ ദൂരീകരിക്കാനായി ആ കാലത്തേക്കുള്ള ആത്മീയഅദ്ധ്യാപകർ അയക്കപ്പെടുന്നു.

ഖുത്വുബ ഇൽഹാമിയ എന്ന ഗ്രന്ഥത്തിൽ പറയുന്നു.

ഞങ്ങൾക്ക് മസീഹിന്റേയും മഹ്ദിയുടേയും ആവശ്യമില്ലെന്നും നമുക്ക് ഖുർആൻ മാത്രംമതി എന്നുമാണ് പറയാറുള്ളത് . മാത്രമല്ല ഞങ്ങൾ നേരായ പാതയിലാണെന്നും പറയുന്നു. എന്നാൽ വിശുദ്ധ ഖുർആന്റെ ജ്ഞാനം പരിശുദ്ധരായവർക്കല്ലാതെ ലഭിക്കില്ലെന്ന സത്യവും ഇവർ അറിയുന്നവരാണ്. അത്കൊണ്ടാണ് അല്ലാഹു തന്റെ കരങ്ങളാൽ വിശുദ്ധീകരിക്കുകയും ഉൾക്കാഴ്ച നൽകപ്പെടുകയും ചെയ്ത ഒരു അദ്ധ്യാപകന്റെ ആവശ്യം നേരിട്ടിരിക്കുന്നത്.

അല്ലാഹു തെരഞ്ഞെടുത്തയച്ച, വിശുദ്ധഖുർആൻ പഠിപ്പിക്കപ്പെട്ട വ്യക്തിയെ നിരാകരിച്ചതാണ് ഇന്ന് മുസ്‌ലിംകൾ ഈ ഒരു ദുരവസ്ഥ നേരിട്ടുകൊണ്ടിരിക്കുന്നതിനുള്ള കാരണം. മുസ്‌ലിംകളുടെ നിലനിൽപ്പും ഉമ്മത്തിന്റെ ആദരവും ആശ്രയിച്ചിരിക്കുന്നത് റസൂൽ (സ) തിരുമേനിയുടെ പ്രിയ ദാസന്റെ വാക്കുകൾ ശ്രവിക്കുന്നതിലൂടെയാണ്. ആ മഹാത്മാവ് ഒരു സ്ഥലത്ത് പറയുന്നു.

സത്യമിതാണ്, വാഗ്ദത്തമസീഹിന്റേയും മഹ്മദിയുടേയും ജോലി എന്ന് പറയുന്നത് തന്നെ യുദ്ധം നിർത്തലാക്കി, പേനകൊണ്ടും ദുആ മുഖേനയും പ്രത്യേക ശ്രദ്ധയിലൂടെയും ഇസ്‌ലാമിനെ ഉയർത്തെഴുന്നേൽപ്പിക്കുക എന്നതാണ്. എന്നാൽ ദുഖകരമെന്ന് പറയട്ടെ, ജനങ്ങൾക്ക് ഈ കാര്യം മനസ്സിലാകുന്നില്ല. കാരണം ഭൗതികതയോടുള്ളത്ര താത്പര്യം അവർക്ക് ദീനിനോടില്ല. ഭൗതികയുടെ നീരാളിപ്പിടുത്തത്തിൽ അവരമർന്നുപോയതുകൊണ്ട് അവരിൽ വിശുദ്ധ ഖുർആന്റെ ജ്ഞാനം തുറക്കപ്പെടും എന്ന് എങ്ങിനെ പ്രതീക്ഷിക്കാൻ സാധിക്കും.لَا يَمَسُّهُ إِلَّا الْمُطَهَّرُونَ എന്ന് വ്യക്തമായി രേഖപ്പെടുത്തിയിട്ടുള്ളതാണ്.

ഈ വാക്കുകൾ മറ്റു മുസ്‌ലിംകൾക്ക് ചിന്തിക്കാൻ പ്രചോദനം നൽകുമ്പോൾ അഹ്മദീമുസ്‌ലിംകളായ നമ്മെ നമ്മുടെ ഉത്തരവാദിത്ത്വങ്ങളെ തട്ടി ഉണർത്തുകയാണ് ചെയ്യുന്നത്. ഒരു യഥാർത്ഥ വിശ്വാസി ഏതു രീതിയിലാണ് വിശുദ്ധ ഖുർആൻ മനസ്സിലാക്കണമെന്ന് അല്ലാഹു ആഗ്രഹിക്കുന്നത് ആ രീതിയിൽ വിശുദ്ധ ഖുർആൻ മനസ്സിലാക്കുന്നതിന് നമ്മുടെ ഹൃദയം പരിശുദ്ധമാക്കട്ടെ എന്ന് ഈ അനുഗ്രഹീത മാസത്തിൽ ദുആ ചെയ്യുക.

അല്ലാഹു വിശുദ്ധഖുർആന്റെ സൗന്ദര്യത്തെക്കുറിച്ചും, അതിലെ അദ്ധ്യാപനങ്ങളെക്കുറിച്ചും വിവരിച്ച ചില ആയത്തുകൾ ഞാൻ നിങ്ങളുടെ മുമ്പാകെ വെക്കുന്നതാണ്.

ഒരു ഹദീസ് ആദ്യം കേൾപ്പിക്കാം. ഹദ്റത്ത് സഅദ്ബ്നു മുആദ് തന്റെ പിതാവിൽ നിന്നും രിവായത്ത് ചെയ്യുന്നു. റസൂലുല്ലാഹി (സ) ഇപ്രകാരം അരുളി. ഖുർആൻ പഠിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയതവന്റെ മാതാപിതാക്കൾക്ക് ഖിയാമത്ത് നാളിൽ രണ്ട് കിരീടങ്ങൾ അണിയിക്കുന്നതാണ്. അതിന്റെ പ്രകാശം സൂര്യന്റെ പ്രകാശത്തേക്കാളും മുന്തി നിൽക്കുന്നതാണ്. ഇവരുടെ മാതാപിതാക്കളുടെ അവസ്ഥ ഇതായിരിക്കേ വിശുദ്ധഖുർആൻ അനുസരിച്ച് പ്രവർത്തിച്ചവന്റെ സ്ഥാനമാനം എന്തുമാത്രം ഉന്നതമായിരിക്കുമെന്ന് ഊഹിച്ചുനോക്കൂ.

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞ ഖുർആന് ആദരവ് നൽകുന്നവർക്ക് ആകാശത്ത് ആദരവ് നൽകപ്പെടും എന്നുള്ളത് അതനുസരിച്ച് പ്രവർത്തിക്കുമ്പോഴാണ് ലഭിക്കുന്നത്.

വിശുദ്ധഖുർആന്റെ സൗന്ദര്യത്തെക്കുറിച്ചും അതിന്റെ സമ്പൂർണ്ണതയെക്കുറിച്ചും വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ) വിവരിക്കുന്നു:- വിശുദ്ധഖുർആൻ ഖാത്തമുൽ കുതുബും അക്മലുൽ കുതുബും ആയതുകൊണ്ടും ഗ്രന്ഥങ്ങളിലെ ഏറ്റവും സൗന്ദര്യ സാമ്രാട്ടായതുകൊണ്ടും അതിന്റെ അധ്യാപനങ്ങൾ എല്ലാം ഏറ്റവും ഔന്നത്യത്തിലാണ് ചെന്നെത്തിച്ചിരിക്കുന്നത്. അത് എല്ലാ അവസ്ഥയിലും മനുഷ്യപ്രകൃതിയിലുള്ള നിയമങ്ങളെ ശരീഅത്തിന്റെ നിയമങ്ങളാക്കിയിരിക്കുന്നു. ഇതു മുഖേന ജനങ്ങളെ വഴികേടിൽ നിന്നും സുരക്ഷിതമാക്കിയിരിക്കുന്നു. അങ്ങിനെ പ്രതാപവാനായ അല്ലാഹുവിൽ നിന്നും അനുമതി ലഭിക്കാതെ ഇടത്തും വലത്തും ചലിക്കാൻ കഴിയാത്ത, ആർക്കെങ്കിലും പൊറുത്തുകൊടുക്കാനോ ആരോടെങ്കിലും പ്രതികാരം ചെയ്യാനോ സാധ്യമല്ലാത്ത ഒരു മൃത ശരീരംപോലെ മനുഷ്യനെ അല്ലാഹു ആക്കിയിരിക്കുന്നു.

ചുരുക്കത്തിൽ വിശുദ്ധഖുർആന്റെ ഓരോ കൽപനയും നടപ്പിൽ വരുത്തുക എന്നതാണ് അതിന്റെ അധ്യാപനങ്ങൾ ഉൾകൊള്ളുക എന്നതിന്റെ ഉദ്ദേശം. അങ്ങിനെ മനുഷ്യന്റെ അടക്കമനക്കമെല്ലാം അല്ലാഹുവിന്റെ ഇംഗിതമനുസരിച്ചായിത്തീരുന്നതാണ്.

വിശുദ്ധ ഖുർആന്റെ കൽപനകൾ മനുഷ്യ പ്രകൃതിക്കനുഗുണമായിട്ടുള്ളതാണ്. ഇതിനെക്കുറിച്ച് പല സ്ഥലത്തും വിശുദ്ധഖുർആനിൽ അല്ലാഹു വിവരിക്കുന്നുണ്ട്.

يُرِيدُ اللَّهُ بِكُمُ الْيُسْرَ وَلَا يُرِيدُ بِكُمُ الْعُسْرَ

അല്ലാഹു നിങ്ങൾക്ക് എളുപ്പത്തേയാണ് ആഗ്രഹിക്കുന്നത്. നിങ്ങൾക്ക് അവൻ പ്രയാസം ഇഷ്ടപ്പെടുന്നില്ല(2:186). ഇത് പൊതുവിലുള്ള അതിന്റെ പ്രഖ്യാപനമാണ്. വിശുദ്ധ ഖുർആനിൽ പ്രയാസമില്ല. മറിച്ച് അത് എളുപ്പമാണ്. മാത്രമല്ല അല്ലാഹുവിന്റെ സാമീപ്യം നൽകുന്ന ഉന്നതനിലവാരത്തിലേക്ക് അതിന്റെ അധ്യാപനങ്ങൾ മനുഷ്യനെ എത്തിക്കുന്നു. മറ്റൊരു സ്ഥലത്ത് അല്ലാഹു പറയുന്നു

وَلَقَدْ يَسَّرْنَا الْقُرْآنَ لِلذِّكْرِ فَهَلْ مِن مُّدَّكِرٍ ۝٣٣

(54:33)

ഉപദേശം എന്ന നിലയിൽ വിശുദ്ധഖുർആനെ നാം വളരെ എളുപ്പമാക്കിയിരിക്കുന്നു. ഉപദേശം കരസ്ഥമാക്കുന്നവർ ആരെങ്കിലുമുണ്ടോ? (54:33) ഇവിടെ വെറുമൊരുപദേശം നൽകുക മാത്രമല്ല ചെയ്യുന്നത്. ഈ ഉപദേശം പ്രായോഗികവൽക്കരിക്കുക എന്ന സന്ദേശമാണ് നൽകുന്നത്. ഇത് പ്രയാസമാണെന്ന് പറഞ്ഞ് രക്ഷപ്പെടാൻ സാധ്യമല്ല. കാരണം മനുഷ്യനെ സൃഷ്ടിക്കുകയും ഓരോരുത്തരുടേയും കഴിവുകൾ ശരിക്കും അറിയുകയും ചെയ്യുന്ന അല്ലാഹുവാണ് ഈ ഗ്രന്ഥം ഇറക്കിയിരിക്കുന്നത്. അതുകൊണ്ട് ഈ ഗ്രന്ഥമനുസരിച്ച് പ്രവർത്തിച്ചാൽ അനന്തമായ അനുഗ്രഹങ്ങൾക്ക് അവകാശികളായിത്തീരാവുന്നതാണ്. മുൻ ജനതയുടെ വൃത്താന്തങ്ങൾ ഇതിൽ വിവരിച്ചിരിക്കുന്നു. അതും പാഠം ഉൾക്കൊള്ളാൻ വേണ്ടിയാണ്. മുമ്പുള്ള സമൂഹങ്ങൾക്ക് വന്നിരിക്കുന്നതുപോലുള്ള വിപത്തുകളിൽ നിന്നും രക്ഷപ്പെടുന്നതിനായി നമ്മുടെ പ്രവർത്തനങ്ങൾ ശരിയാക്കിവെക്കുക. മറ്റൊരായത്തിൽ അല്ലാഹു പറയുന്നു.

رَسُولٌ مِّنَ اللَّهِ يَتْلُو صُحُفًا مُّطَهَّرَةً ۝٣
فِيهَا كُتُبٌ قَيِّمَةٌ ۝٤

അല്ലാഹുവിൽ നിന്നുള്ള ഒരു ദൂതൻ അദ്ദേഹം പവിത്രമായ ഏടുകൾ വായിച്ചു കേൾപ്പിക്കുന്നു. അതിൽ നിലനിൽക്കുന്നതും നിലനിർത്തുന്നതുമായ മതവിധികളുണ്ട് (98:3-4)

ഇതിനെക്കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുളുന്നു-

ഖുർആൻ കൊണ്ടു വരുന്നവന്റെ മഹത്വം നോക്കുക

يَتْلُو صُحُفًا مُّطَهَّرَةً فِيهَا كُتُبٌ قَيِّمَةٌ

എല്ലാ ഗ്രന്ഥങ്ങളും സർവ്വ സത്യങ്ങളും ഉൾക്കൊണ്ടിരുക്കുന്ന ഗ്രന്ഥമാണത്. ഇവിടെ കിതാബ് (ഗ്രന്ഥം) എന്നതുകൊണ്ട് പൊതുവിൽ അർത്ഥമാക്കുന്നത് മനുഷ്യൻ പൊതുവിൽ പിന്തുടരാൻ ആഗ്രഹിക്കുന്ന നല്ല കാര്യങ്ങളെയാണ് സൂചിപ്പിക്കുന്നത്. വിശുദ്ധ ഖുർആൻ യുക്തിജ്ഞാനങ്ങളുടേയും അഭൗമികജ്ഞാനങ്ങളുടേയും ശേഖരമാണ്. അനാവശ്യമായ ഒന്നും തന്നെ അതിൽ അടങ്ങിയിട്ടില്ല. ഓരോന്നിന്റേയും വ്യാഖ്യാനം അത് സ്വയം നൽകുന്നു. ആവശ്യമായ സകലതും അതിൽ അടങ്ങിയിരിക്കുന്നു. അത് ഏതു തരത്തിൽ നോക്കുകയാണെങ്കിലും ഒരടയാളമാണ്. ആരെങ്കിലും ഇത് നിഷേധിക്കുകയാണെങ്കിൽ ഏതു രീതിയിൽ വേണമെങ്കിലും അതിന്റെ അമാനുഷികത തെളിയിക്കാനും കാണിക്കാനും നാം തയ്യാറാണ്. ഇക്കാലത്ത് തൗഹീദും ദൈവത്തിന്റെ അസ്ഥിത്ത്വവും അതിശക്തമായി അക്രമിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. ക്രിസ്ത്യാനികളും കഴിവിന്റെ പരമാവധി പരിശ്രമിക്കുകയും എഴുതുകയും ചെയ്തു. എന്നാൽ അവർ പറഞ്ഞതും എഴുതിയതുമെല്ലാം ഇസ്‌ലാം സമർപ്പിക്കുന്ന ദൈവത്തെക്കുറിച്ചാണ്. ഒരിക്കലും, മരിച്ച ,കുരിശിൽ തറച്ച് കൊന്ന പാവത്താനായ ഒരു ദൈവത്തെക്കുറിച്ചല്ല. ആർ അല്ലാഹുവിന്റെ അസ്തിത്വത്തെക്കുറിച്ചും അവന്റെ ഉണ്മയെക്കുറിച്ചും എഴുതാൻ കയ്യിൽ പേന എടുക്കുന്നുവോ അവർക്ക് അവസാനം ഇസ്ലാം സമർപ്പിക്കുന്ന ദൈവത്തിലേക്ക് വരാതെ രക്ഷയില്ലെന്ന കാര്യം ഖണ്ഢനഭയമന്യേ പറയാൻ സാധിക്കുന്നതാണ്. കാരണം പ്രകൃതിയുടെ ഗ്രന്ഥത്തിലെ ഓരോ താളിലും അവനെക്കുറിച്ച് അറിയാൻ സാധിക്കുന്നതാണ്. മനുഷ്യന്റെ പ്രകൃതത്തിൽ ഉല്ലേഖനം ചെയ്യപ്പെട്ടിരിക്കുന്നതും ഈ ദൈവത്തിന്റെ ഛായ തന്നെയാണ്. അതിനാൽ അങ്ങിനെയുള്ളവർ മുമ്പോട്ട് കാൽവെക്കുമ്പോൾ അവരുടെ പാതങ്ങൾ ഇസ്‌ലാമിന്റെ തന്നെ മൈതാനത്താകും ചെന്നു പതിയുക. ഇതു തന്നെയും (മുഅ്ജിസത്തല്ലേ) മഹാത്ഭുതമല്ലെ. വിശുദ്ധഖുർആന്റെ ഈ മുഅ്ജിസത്തിനെ (അത്ഭുതത്തെ) നിഷേധിക്കുകയാണെങ്കിൽ പരീക്ഷണത്തിനുള്ള ഒരു മാർഗം നാം ഇവിടെ സമർപ്പിക്കാം. അതായത് വിശുദ്ധഖുർആനെ അല്ലാഹുവിന്റെ ഗ്രന്ഥമായി കരുതാത്ത ഒരു വ്യക്തി ഈ ആധുനികയുഗത്തിൽ ദൈവത്തിന്റെ അസ്തിത്ത്വത്തെക്കുറിച്ച് തെളിവുകൾ രചിക്കട്ടെ. അവർ ദൈവത്തിന്റെ അസ്തിത്ത്വത്തെക്കുറിച്ചെഴുതുന്ന എല്ലാ തെളിവുകളും നാം വിശുദ്ധഖുർആനിൽ നിന്നും എടുത്ത് കാണിക്കുന്നതാണ്. ദൈവത്തിന്റെ ഏകത്വത്തെക്കുറിച്ച് തെളിവുകൾ രേഖപ്പെടുത്തുകയാണെങ്കിൽ വിശുദ്ധ ഖുർആനിൽ നിന്ന്തന്നെ ആ എല്ലാ തെളിവുകളും എടുത്ത് കൊടുക്കുന്നതാണ്. വിശുദ്ധഖുർആനിൽ ഇല്ല എന്ന് വാദിച്ചുകൊണ്ടുള്ള തെളിവുകൾ അവർ എഴുതട്ടെ. അതുമല്ലെങ്കിൽ വിശുദ്ധഖുർആനിൽ ഇല്ലെന്ന് പറഞ്ഞുകൊണ്ട് അവർ പരിശുദ്ധഅധ്യാപനങ്ങളും സത്യങ്ങളും പ്രസിദ്ധീകരിക്കട്ടെ. അങ്ങി

നെയാണെങ്കിൽ വിശുദ്ധഖുർആന്റെ **ഫീഹാ കുതുബുൻ കയ്യിമ** എന്ന വാദം എത്രമാത്രം സത്യവും നിസ്‌തുലവുമാണെന്ന് നാം അവർക്ക് തെളിയിച്ചു കാട്ടുന്നതാണ്. ഇനി ആരെങ്കിലും യഥാർത്ഥ മനുഷ്യ പ്രകൃതമായ മതം ഇങ്ങനെയായിരിക്കണം എന്ന് പറഞ്ഞുകൊണ്ട് തെളിവുകൾ എഴുതുകയാണെങ്കിൽ നാം ഏതു രീതിയിൽ വേണമെങ്കിലും വിശുദ്ധഖുർആന്റെ മഹിതസ്ഥാനം തെളിയിച്ചു കാട്ടുന്നതാണ്. മാത്രമല്ല എല്ലാ സത്യങ്ങളും പരിശുദ്ധ അധ്യാപനങ്ങളും ഇതിൽ അടങ്ങിയിട്ടുണ്ടെന്ന് പറഞ്ഞുകൊടുക്കുകയും ചെയ്യുന്നതാണ്. ചുരുക്കത്തിൽ നാനാതരം അഭൗമികജ്ഞാനങ്ങളും ഗഹനമായ തത്ത്വങ്ങളും അടങ്ങിയിരിക്കുന്ന ഗ്രന്ഥമാണ് വിശുദ്ധഖുർആൻ. അത് കരസ്ഥമാക്കുന്നതിനായി പരിശുദ്ധീകരിക്കുവാനുള്ള ശക്തിയുടെ ആവശ്യമുണ്ടെന്ന് ഞാൻ വീണ്ടും പറയാൻ ആഗ്രഹിക്കുന്നു. കാരണം അത് പറയുന്നത് لَا يَمَسُّهٗٓ اِلَّا الْمُطَهَّرُوْنَ എന്നാണ്.

ചുരുക്കത്തിൽ സമ്പൂർണ്ണവും ഹിദായത്തിനാൽ നിറക്കപ്പെട്ടതുമായ ഗ്രന്ഥമാണിത്. ഇത് പഠിക്കുന്നവരും ഇതനുസരിച്ച് പ്രവർത്തിക്കുന്നവരും അല്ലാഹുവിന്റെ അനുഗ്രഹത്താൽ നേർമാർഗത്തിൽ ചരിച്ചുകൊണ്ടിരിക്കുന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ) നൽകിയിരിക്കുന്ന ഈ വെല്ലുവിളി ഇന്നും നിലനിൽക്കുന്നു. അദ്ദേഹത്തിന്റെ ശിഷ്യന്മാരും ഇതനുസരിച്ച് പ്രവർത്തിച്ചുകൊണ്ട് വിശുദ്ധ ഖുർആന്റെ സത്യത ഓരോ കാലത്തും വെളിപ്പെടുന്നതാണെന്ന് അവർ ലോകത്തിന് കാണിച്ചു കൊടുക്കുകയുണ്ടായി. ഡോ. അബ്ദുസ്സലാം സാഹിബ് സമർപ്പിച്ച കാഴ്ചപ്പാടും അല്ലാഹുവിന്റെ ഏകത്വത്തെ തെളിയിക്കുന്നതും വിശുദ്ധഖുർആന്റെ മഹത്വത്തെ സ്ഥാപിക്കന്നതുമായിരുന്നു. ഇന്നും ഗവേഷണം നടത്തുന്ന ശാസ്ത്രജ്ഞരായ അഹ്മദികൾ ഈ ഒരു സത്യത്തെ മുന്നിൽ വെച്ചുകൊണ്ട് ഗവേഷണം നടത്തുകയാണെങ്കിൽ അല്ലാഹു സ്വയം അവർക്ക് വഴികാട്ടുന്നതാണ്. ഹിദായത്തിനെക്കുറിച്ച് വിശുദ്ധഖുർആനിൽ അല്ലാഹു പറയുന്നു وَاَنْ اَتْلُوَا الْقُرْاٰنَ ۚ فَمَنِ اهْتَدٰى فَاِنَّمَا يَهْتَدِيْ لِنَفْسِهٖ

ഞാൻ ഓതി കേൾപ്പിക്കണമെന്നും (ആജ്ഞാപിക്കപ്പെട്ടിരിക്കുന്നു) അങ്ങനെ ആരെങ്കിലും നേർമാർഗം പ്രാപിക്കുന്നതായാൽ അയാൾ തന്റെ ആത്മാവിനുവേണ്ടി തന്നെയാണ് നേർമാർഗം പ്രാപിക്കുന്നത് (27:93)

വിശുദ്ധഖുർആൻ പാരായണം ചെയ്യുന്നതുമൂലം ആ ഹിദായത്തുകൾ എന്താണെന്ന് നമുക്ക് മനസ്സിലാകുന്നതാണ്. എന്നാൽ വിശുദ്ധഖുർആൻ മനസ്സിലാകണമെങ്കിൽ ഹൃദയവിശുദ്ധി അനിവാര്യമാണ്.

വിശുദ്ധ ഖുർആന്റെ മറ്റൊരു വാദം എല്ലാം അടങ്ങിയിരിക്കുന്നു എന്നാണ്.അല്ലാഹു പറയുന്നു

وَمَا تَكُوْنُ فِيْ شَاْنٍ وَّمَا تَتْلُوْا مِنْهُ مِنْ
قُرْاٰنٍ وَّلَا تَعْمَلُوْنَ مِنْ عَمَلٍ اِلَّا كُنَّا
عَلَيْكُمْ شُهُوْدًا اِذْ تُفِيْضُوْنَ فِيْهِ ۗ وَمَا
يَعْزُبُ عَنْ رَّبِّكَ مِنْ مِّثْقَالِ ذَرَّةٍ فِي
الْاَرْضِ وَلَا فِي السَّمَآءِ وَلَآ اَصْغَرَ مِنْ
ذٰلِكَ وَلَآ اَكْبَرَ اِلَّا فِيْ كِتٰبٍ مُّبِيْنٍ ۝

നീ ഏതെങ്കിലും കാര്യത്തിൽ ഏർപ്പെട്ടിരിക്കുകയോ, ഈ ഗ്രന്ഥത്തിൽ നിന്നുള്ള ഖുർആന്റെ ഏതെങ്കിലും ഒരു ഭാഗം പാരായണം ചെയ്യുകയോ, നിങ്ങൾ ഏതെങ്കിലും ഒരു പ്രവൃത്തി ചെയ്യുകയോ ചെയ്യുന്നുണ്ടെങ്കിൽ അതിൽ നിങ്ങൾ വ്യാപൃതരായിരിക്കെ നിങ്ങൾക്ക് സാക്ഷിയായി നാം ഉണ്ടാവാതിരിക്കയില്ല. ഭൂമിയിലോ ആകാശത്തിലോ ഒരു അണു അളവ് വസ്തുവും നിന്റെ നാഥനിൽനിന്ന് ഗോപ്യമായി നിൽക്കുന്നില്ല. അതിനെക്കാൾ ചെറുതോ വലുതോ, ഒന്നും തന്നെ സ്പഷ്ടമായ ഒരു ഗ്രന്ഥത്തിൽ (രേഖപ്പെടുത്തപ്പെട്ട്) ആയിട്ടല്ലാതെയില്ല. (10:62)

ഈ ആയത്തിൽ അല്ലാഹുവിന്റെ മഹത്വത്തെയാണ് പ്രഖ്യാപിക്കുന്നത്. എല്ലാ വസ്തുക്കളെക്കുറിച്ചുമുള്ള അറിവ് അല്ലാഹുവിനുണ്ട്. ഈ മഹത്തായ ഗ്രന്ഥം സർവ്വജ്ഞാനിയായ അല്ലാഹുവിൽ നിന്നാണ് ഇറക്കപ്പെട്ടിരിക്കുന്നത് എന്ന സന്ദേശമാണ് മുസ്‌ലിംകൾക്കും അമുസ്‌ലിംകൾക്കും ഈ വചനം നൽകുന്നത്. ഇതിൽ എല്ലാവിധ അറിവുകളും സംഭവങ്ങളും താക്കീതുകളും അതോടൊപ്പം ഇതംഗീകരിക്കുന്നവരുടെ ഉത്തരവാദിത്ത്വങ്ങളും വിവരിച്ചിരിക്കുന്നു. അതിനാൽ ഇതിനെ അല്ലാഹു സംരക്ഷിച്ചു നിർത്തുന്നു. ഇതിനെ നിഷേധിക്കുന്നവർക്കും ഇതിനെ അംഗീകരിക്കുന്നു എന്ന് പറഞ്ഞുകൊണ്ട് ഇതിന്റെ പാഠങ്ങൾ ജീവിതത്തിൽ പകർത്താവർക്കും രക്ഷപ്പെടാനുള്ള ഒരു പഴുതും ഇത് വിടുന്നില്ല. അതിനാൽ ഇതിൽ വിശ്വസിച്ചവർ ഇതിന്റെ സത്യം അംഗീകരിച്ചിരിക്കയാൽ ഇതനുസരിച്ച് പ്രവർത്തിക്കേണ്ടതുമാണ്. തങ്ങളുടെ നിയ്യത്തുകൾ ശരിയാക്കിവെക്കണം. അതോടൊപ്പം തങ്ങളുടെ നഫ്‌സിനെക്കുറിച്ച് ഒരാത്മപരിശോധന നടത്തിക്കൊണ്ടിരിക്കുകയും വേണം. ഖുർആൻ പാരായണം ചെയ്യുന്നുണ്ടെന്നും ലോകരെ ഇതിലേക്ക് ഞങ്ങൾ ക്ഷണിക്കുന്നുണ്ടെന്നും പറഞ്ഞതുകൊണ്ട് കാര്യമായില്ല. ഇത് വായിക്കുന്നതുകൊണ്ട് നമ്മിലുണ്ടാകുന്ന മാറ്റം കാരണം മറ്റുള്ളവരിൽ നാം ഏതു രീതിയിലാണ് സ്വാധിനം ചെലുത്തപ്പെടുന്നത് എന്നും നോക്കേണ്ടതാണ്. അവരിലും മാറ്റം ഉണ്ടാകുന്നുണ്ടോ? ഇസ്‌ലാമിലേക്ക് അവർക്ക് താത്പര്യം ജനിക്കുന്നുണ്ടോ? അല്ലാഹു ആരുടേയും കുടുംബമൊന്നുമല്ല. എല്ലാ കാര്യങ്ങളും അവൻ വിശുദ്ധ ഖുർആനിൽ വ്യക്തമാക്കുകയും തന്റെ വാഗ്ദാനപ്രകാരം കാലഘട്ടത്തിന്റെ അധ്യാപകനെ അയക്കുകയും ചെയ്തതുകൊണ്ട് ഇനി ഇതംഗീകരിക്കുന്നവർക്ക് മറുപടി പറയേണ്ടതായും വരും. അതുകൊണ്ട് നിങ്ങൾ ഇതനുസരിച്ച് എന്തുകൊണ്ട് ജീവിച്ചില്ല എന്നതിന് വിശ്വാസികൾ ഉത്തരം പറയേണ്ടതായി വരും. അതേപോലെ ഇത്രയും വ്യക്തമായ അദ്ധ്യപനങ്ങൾ ഉണ്ടായിട്ടുകൂടി വിശ്വസിക്കാത്തതിന് നിഷേധികളും മറുപടി പറയേണ്ടതായിവരും.

നിഷേധികളുടെ കാര്യം അല്ലാഹുവിലേക്ക് വിടാം. എന്നാൽ നാം നമ്മുടെ കണക്ക് ശരിയാക്കിക്കൊണ്ട് ഈ ഗ്രന്ഥം പാരായണം ചെയ്യുകയും ഇതനുസരിച്ച് പ്രവർത്തിക്കാൻ പരിശ്രമിക്കുകയും ചെയ്യേണ്ടതാണ്. അല്ലാഹു നമുക്കതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ.

ഹദ്റത്ത് മസീഹ് മൗഊദ് (അ) വിശുദ്ധ ഖുർആന്റെ ശ്രേഷ്ഠതയെ വിവരിച്ചുകൊണ്ട് പറയുന്നു:- വിശുദ്ധഖുർആൻ നമ്മുടെ കൈവശം ഇല്ലായിരുന്നെങ്കിൽ വിശ്വാസത്തിന്റെയും ആദർശത്തിന്റെയും അടിസ്ഥാനം ഹദീസുകളായിരുന്നുവെങ്കിൽ നാണക്കേടു കാരണം മറ്റു സമൂഹങ്ങളുടെ മുമ്പിൽ മുഖം കാണിക്കാൻ പോലും നാം കൊള്ളരുതാത്തവരായിത്തീരുമായിരുന്നു. ഖുർആൻ എന്ന വാക്കിനെക്കുറിച്ച് ഞാൻ ചിന്തിച്ചു. ഈ അനുഗ്രഹീത വാക്കിൽ

പോലും ഒരു മഹത്തായ പ്രവചനം അടങ്ങിയിരിക്കുന്നതായി ഞാൻ കണ്ടെത്തി. ഈ ഖുർആൻ മാത്രമാണ് വായിക്കാൻ പറ്റിയ ഏക ഗ്രന്ഥം. ഒരു കാലം വരും, അന്ന് ഇതുമാത്രമായിരിക്കും ശരിക്കും വായനക്ക് പറ്റിയ ഗ്രന്ഥം. മറ്റു ഗ്രന്ഥങ്ങളും ഇതിനോട് ചേർത്ത് വായിക്കപ്പെടുന്നതാണ്. ആ സമയത്ത് ഇസ്‌ലാമിനെ സംരക്ഷിക്കാനും വ്യാജ്യത്തെ നിർമാർജ്ജനം ചെയ്യാനും ഈ ഒരു ഗ്രന്ഥം മാത്രമായിരിക്കും വായിക്കാൻ ഉതകുന്നത്. മറ്റു ഗ്രന്ഥങ്ങളെല്ലാം ഉപേക്ഷിക്കേണ്ടതായി വരും. ഫുർഖാൻ എന്നതിന്റെ അർത്ഥവും ഇതാണ്. സത്യാസത്യവിവേചനത്തിനുള്ള ഗ്രന്ഥം ഇത് മാത്രമായിരിക്കും. മറ്റൊരു ഗ്രന്ഥവും മറ്റൊരു ഹദീസും തന്നെ ഇതിനെ കിടപിടിക്കുന്നതായിട്ടുണ്ടാകില്ല. അത്കൊണ്ട് മറ്റെല്ലാ ഗ്രന്ഥവും ഉപേക്ഷിക്കുക.രാപകൽ അല്ലാഹുവിന്റെ ഗ്രന്ഥത്തെ പാരായണം ചെയ്യുക. വിശുദ്ധഖുർആനിലേക്ക് തിരിയാതിരിക്കുകയും മറ്റു ഗ്രന്ഥങ്ങളിൽ രാപകൽ മുഴുകിയിരിക്കുകയും ചെയ്യുന്നവർ വലിയ അവിശ്വാസികളാണ്. നമ്മുടെ ജമാഅത്തിലുള്ളവർ വിശുദ്ധഖുർആൻ പഠിക്കുന്നതിലും അതിനെക്കുറിച്ച് ചിന്തിക്കുന്നതിലും ഹൃദയാത്മനാ മുഴുകേണ്ടതാണ്. ഹദീസുകളുടെ വ്യവഹാരത്തെ ഉപേക്ഷിക്കുക. ഇക്കാലത്ത് ഹദീസുകൾക്ക് നൽകുന്ന അത്രയും പ്രാധാന്യം വിശുദ്ധഖുർആന്ന് നൽകുന്നില്ല എന്നത് വളരെ ദുഖകരം തന്നെ. ഇപ്പോൾ വിശുദ്ധഖുർആനാകുന്ന ആയുധം കയ്യിലേന്തുക. ഇതിലാണ് നിങ്ങൾക്ക് വിജയമുള്ളത്.ഈ പ്രകാശത്തിനുമുമ്പിൽ ഒരന്ധകാരവും നിലനിൽക്കുന്നതല്ല.

ഇവിടെ ഒരു വിശദീകരണം ആവശ്യമാണ്. ഹദീസിന്റെ വ്യവഹാരം ഉപേക്ഷിക്കണം എന്ന് ഇവിടെ പറഞ്ഞിട്ടുണ്ടെങ്കിൽ മറ്റൊരു സ്ഥലത്ത് ആ മഹാത്മാവ് പറയുന്നത് വിശുദ്ധഖുർആന്ന് യോജിച്ചു വരുന്ന ഹദീസുകളെ സ്വീകരിക്കുകയും അതിന് വിരുദ്ധമായി വരുന്നതിനെ നിരാകരിക്കുകയും ചെയ്യുക എന്നാണ്. ഹദീസിനെയല്ല മാനദണ്ഢമാക്കിയെടുക്കേണ്ടത്.

വീണ്ടും ആ മഹാത്മാവ് പറയുന്നു. വിശുദ്ധഖുർആനെ ഉപേക്ഷിച്ചുകൊണ്ട് ഒരിക്കലും വിജയിക്കാൻ സാധ്യമല്ല. ഇവർ അന്വേഷിക്കുന്ന വിജയം വെറും ആകാശക്കോട്ട മാത്രമാണ്. സഹാബത്തിന്റെ മാതൃക നിങ്ങൾ സ്വായത്തമാക്കുക. അവർ റസൂൽ(സ)യെ പിൻപറ്റുകയും ദീനിനെ ദുൻയാവിനേക്കാൾ മുന്തിക്കുകയും ചെയ്തപ്പോൾ അല്ലാഹു അവനോട് ചെയ്തിരിക്കുന്ന എല്ലാ വാഗ്ദാനങ്ങളും തന്നെ പൂർത്തിയാക്കുകയുണ്ടായി. തുടക്കത്തിൽ എതിരാളിൽ ഇവരെ കണ്ട് പരിഹസിച്ച് ചിരിക്കാറുണ്ടായിരുന്നു. എതിരാളികൾ പറഞ്ഞിരുന്നത് പുറത്ത് സ്വാതന്ത്ര്യത്തോടെ നടക്കാൻ പോലും കഴിയാത്ത ഇവരാണ് തങ്ങൾ രാജാക്കന്മാരും എന്തെല്ലാം വീരവാദം പുറപ്പെടുവിക്കുന്നത് എന്നാണ്. എന്നാൽ റസൂലുല്ലാഹി(സ) യുടെ അനുസരണത്തിൽ തങ്ങളെ ലയിപ്പിച്ചതുകാരണം നൂറ്റാണ്ടുകളായി അവർക്ക് ലഭിക്കാത്ത ആ മഹത്സ്ഥാനം അവർക്ക് ലഭിക്കുകയുണ്ടായി.

അതുകൊണ്ട് ഇന്നും നമ്മുടെ വിജയം വിശുദ്ധഖുർആനെ പിൻപറ്റുന്നതിലൂടെ മാത്രമേ ലഭിക്കുകയുള്ളൂ. അല്ലാഹു നമുക്കതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ. അഹ്മദിയ്യത്തിന്റെ വിജയദിനങ്ങൾ അല്ലാഹു സമീപസ്തമാക്കുമാറാകട്ടെ.

ദുഖകരമായ ഒരു വാർത്തയുണ്ട്. മുഹമ്മദ് ത്വാരിഖ് ഇസ്‌ലാം സാഹിബ് മുബല്ലിഗ് കാനഡ രണ്ട് ദിവസം മുമ്പ് വഫാത്താകുകയുണ്ടായി. 54 വയസ്സായിരുന്നു. അദ്ദേഹത്തിന് കരളിൽ കാൻസർ ബാധിച്ചാണ് മരിച്ചത്. കുറഞ്ഞകാലം ചികിത്സ നടത്തിയിട്ടേ ഉള്ളൂ. 1978 ൽ ശാഇദിന്റെ പരീക്ഷ പാസായി. പാക്കിസ്ഥാനിൽ വിവിധ സ്ഥലങ്ങളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. വക്കാലത്തെ ഉൽയായിലും ജോലി ചെയ്തിരുന്നു. ഇറ്റലിയിലേക്ക് അയച്ചെങ്കിലും വിസ കിട്ടാത്തതുകാരണം തിരിച്ചുവരേണ്ടിവന്നു. വക്കാലത്തെ തബ്ശീറിൽ ജോലി ചെയ്തുകൊണ്ട് 1993 മുതൽ കാനഡയിൽ സേവനം ചെയ്തുകൊണ്ടിരിക്കുകയായിരുന്നു. വെങ്കോവർ, ഒട്ടോവാ എന്നിവിടങ്ങളിൽ മുബല്ലിഗായി സേവനമനുഷ്ഠിച്ചുകൊണ്ടിരുന്നു. സ്നേഹവദനനായിരുന്നു. ഉന്നതധാർമ്മികഗുണങ്ങളുടെ ഉടമയായിരുന്നു. ബന്ധുമിത്രാദികളേയും പാവപ്പെട്ടവരെയും ശ്രദ്ധിച്ചിരുന്നു. ജമാഅത്തിന്റെ രിവായത്തുകളെക്കുറിച്ച് നല്ല അറിവുള്ള വ്യക്തി കൂടിയായിരുന്നു. അനുസരണത്തിന്റെ ഉത്തമ മാതൃക കാണിച്ചിരുന്നു. ഖിലാഫത്തിനെ വളരെക്കൂടുതൽ സ്നേഹിക്കുന്ന ആളുമായിരുന്നു. എല്ലാവർക്കും സ്നേഹമുണ്ടാകും. എന്നാൽ ചിലരുടെ സ്നേഹം അനിതരസാധാരണമായിരിക്കും. അതിൽപ്പെട്ട ആളായിരുന്നു ഇദ്ദേഹം. ഒരാക്ഷേപവും ഒരിക്കലും ഉണ്ടായിരുന്നില്ല. സൂക്ഷ്മതയോടുകൂടി കഠിനാധ്വാനം ചെയ്തിരുന്നു. കാനഡയിൽ എന്റെ സന്ദർശനമുണ്ടാകുമ്പോൾ മുലാക്കാത്തുമായി ബന്ധപ്പെട്ടും മറ്റും പ്രൈവറ്റ് സെക്രട്ടറിയുടെ ഓഫീസിൽ ജോലി ചെയ്തുകൊണ്ടിരുന്നു. അല്ലാഹു ഇദ്ദേഹത്തിന്റെ ദർജാത്തുകൾ ഉയർത്തുമാറാകട്ടെ. മഗ് ഫിറത്ത് ചെയ്യുമാറാകട്ടെ. ഭാര്യയും 5 പെൺകുട്ടികളുമുണ്ട്. രണ്ടാളുടെ വിവാഹം നടന്നിട്ടുണ്ട്. ചെറിയകുട്ടിക്ക് 12 വയസ്സാണ്. അല്ലാഹു ഇവർക്ക് ക്ഷമയും ധൈര്യവും നൽകുന്നതിനായി ദുആ ചെയ്യുക. അല്ലാഹു അവരെ തന്റെ സംരക്ഷണത്തിൽ വെക്കുമാറാകട്ടെ. ജുമുആ നമസ്കാരത്തിന് ശേഷം ഇദ്ദേഹത്തിന്റെ ജനാസ നമസ്കരിക്കുന്നതാണ്.


**വിവർത്തനം**
എം. നാസിർ അഹ്മദ്, കൊടിയത്തൂർ
മുബല്ലിഗ് – എറണാകുളം
**PHONE : 9497343704**


KHUTHBA:

**HADHRAT MIRZA MASROOR AHMAD**
**KHALIFATHUL MASIH - V**
**on 11 - 09 - 2009 at**
**Baithul Futuh,London**
**UK.**


Page Layout & Type Set: Majlis Khuddamul Ahmadiyya, Kozhikode
Published by : **Majlis Khuddamul Ahmadiyya, Kerala**